KERALA BANK
Kerala State Co-operative Bank

# മഴവില്ല്

കേരള ബാങ്ക് ബുള്ളറ്റിൻ

Monthly Newsletter of Kerala State Co-operative Bank Vol.1 Issue.7 September 2021

# കേരള ബാങ്കിന് 61.99 കോടി അറ്റാദായം



**2020-21** സാമ്പത്തിക വർഷം കേരള ബാങ്ക് 61.99 കോടി രൂപയുടെ അറ്റാദായം നേടി. ബാങ്ക് രൂപീകരണത്തിന് ശേഷം ആദ്യത്തെ പൂർണ്ണ സാമ്പത്തിക വർഷം (2020-21) അവസാനിച്ചപ്പോൾ നിക്ഷേപത്തിൽ 9.27 ശതമാനം വർദ്ധനവ് ഉണ്ടായി. 61,071 കോടി രൂപയിൽ നിന്നും 66,731 കോടി രൂപയായാണ് നിക്ഷേപം വർദ്ധിച്ചത്. 2021 മാർച്ച് 31 ന് 1,06,396 കോടി രൂപയുടെ ആകെ ബിസിനസ്സാണ് ബാങ്കിന് ലഭിച്ചത്.

ബഹു: സഹകരണ വകുപ്പ് മന്ത്രി, ശ്രീ.വി. എൻ .വാസവൻ പത്ര സമ്മേളനത്തിൽ കേരള ബാങ്ക് കൈവരിച്ച നേട്ടങ്ങൾ വിശദീകരിച്ചു.

ലയന സമയത്ത് 1,151 കോടി രൂപ സഞ്ചിത നഷ്ടം ഉണ്ടായിരുന്നത് 714 കോടി രൂപയായി കുറയ്ക്കാൻ കഴിഞ്ഞു. ബാങ്കിന്റെ സാമ്പത്തിക സുസ്ഥിരതയുടെ പ്രധാന സൂചകമായ മൂലധന സ്വയംപര്യാപ്തത ലയന സമയത്ത് 6.26 ശതമാനമായിരുന്നു. ഇപ്പോൾ അത് 10.18 ശതമാനമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. റിസർവ് ബാങ്ക് നിബന്ധന 9 ശതമാനം മാത്രമാണ്. കേരള സർക്കാർ നടത്തിയ 400 കോടി രൂപയുടെ നിക്ഷേപത്തിന്റെ പിൻബലത്തിലാണ് മൂലധന സ്വയംപര്യാപ്തത വർദ്ധിപ്പിക്കാൻ കഴിഞ്ഞത്.

ഐ.ടി ഇന്റഗ്രേഷൻ പൂർത്തിയാകുമ്പോൾ കേരളത്തിലെ മികച്ച ബാങ്കുകളിൽ പ്രഥമ സ്ഥാനത്ത് കേരള ബാങ്കുണ്ടാകും. സംസ്ഥാനത്തിന്റെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റാൻ സ്വന്തം ബാങ്ക് എന്ന സ്വപ്നമാണ് പൂർണമായും യാഥാർത്ഥ്യമാകുന്നത്.



കോവിഡ് പ്രതിസന്ധിയുടെ നടുവിലും നിക്ഷേപത്തിൽ വർദ്ധനവ് ഉണ്ടാക്കാനും, തൻവർഷം നിഷ്ക്രിയ ആസ്തി കുറച്ച് അറ്റലാഭം കൈവരിക്കാനും സാധിച്ചത് കേരള ബാങ്കിന്റെ മികച്ച പ്രവർത്തന രീതിക്ക് ഉദാഹരണമാണ്. ബാങ്കിംഗ് ബിസിനസിന്റെ എല്ലാ മേഖലയിലും എടുത്തു പറയാവുന്ന നേട്ടങ്ങളാണ് ഉണ്ടായത്. ബാങ്കിന്റെ ഐടി ഇന്റഗ്രേഷൻ, ഡിജിറ്റൽ ബാങ്കിംഗ് ഉദ്യമം ബാങ്കിന്റെ വളർച്ചയിൽ ഒരു പുതിയ പന്ഥാവ് തുറക്കുന്നതിനും മികച്ച ഉപഭോക്തൃ സേവനങ്ങൾ ലഭ്യമാക്കുന്നതിനും സഹായിക്കും. മറ്റു വായ്പകൾക്കൊപ്പം ഉൽപ്പാദനപരമായ ആവശ്യങ്ങൾക്ക് വായ്പ കൊടുക്കുന്നത് ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് സഹായകരമാകും. ബാങ്കിന്റെ ഓഹരിയുടമകളായ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ ഒപ്പം കൂട്ടി നമുക്ക് മുന്നേറാം. ബാങ്കിന്റെ ഈ നേട്ടങ്ങൾക്ക് പിന്നിൽ പ്രയത്നിച്ച എല്ലാവർക്കും പ്രത്യേക അഭിനന്ദനങ്ങൾ.

**പി. എസ് .രാജൻ**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ



2020-21 സാമ്പത്തിക വർഷം കേരള ബാങ്ക് മികച്ച നേട്ടമാണ് കൈവരിച്ചത്. നിക്ഷേപത്തിൽ ഉണ്ടായ വളർച്ചയും, മൂലധന സ്വയം പര്യാപ്തത 6.26 ശതമാനത്തിൽ നിന്ന് 10.18 ശതമാനമാക്കാൻ കഴിഞ്ഞതും ശുഭസൂചകമാണ്. കേരള സർക്കാർ നടത്തിയ 400 കോടി രൂപയുടെ നിക്ഷേപമാണ് ബാങ്കിന്റെ മൂലധന സ്വയം പര്യാപ്തത വർദ്ധിപ്പിക്കാൻ സഹായിച്ചത് എന്നത് എടുത്തു പറയേണ്ടതാണ്. നബാർഡ് വഴിയുള്ള പുനർവായ്പ സൗകര്യം ലഭ്യമാക്കുന്നതിലും വൻ നേട്ടമാണ് കൈവരിച്ചത്.

സഞ്ചിത നഷ്ടവും , നിഷ്ക്രിയ ആസ്തിയും കുറഞ്ഞെങ്കിലും കഠിനമായ പരിശ്രമത്തിലൂടെ ഇനിയും കുറവ് വരുത്തേണ്ടതുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഉൾപ്പെടെയുള്ള സാധ്യമായ എല്ലാ പ്രവർത്തനങ്ങളും ഇതിനായി ഉപയോഗപ്പെടുത്തണം. ജീവനക്കാരുടെ ആത്മാർത്ഥമായ പ്രവർത്തനത്തിന്റെ ഫലമാണ് ബാങ്ക് കൈവരിച്ച ഈ നേട്ടം. എല്ലാവർക്കും അഭിനന്ദനങ്ങൾ.

**കെ.സി.സഹദേവൻ**
ചീഫ് ജനറൽ മാനേജർ



കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധിയിലും കേരള ബാങ്കിനുണ്ടായ നേട്ടം വളരെ ശ്രദ്ധേയമാണ്. കേരള സർക്കാരിന്റെ സഹായവും, ബാങ്കിന്റെ ഓഹരി ഉടമകളായ പ്രാഥമിക സഹകരണ സംഘങ്ങളുടെ പിന്തുണയും, എല്ലാ ജീവനക്കാരുടെയും ആത്മാർത്ഥമായ പ്രവർത്തനവും, ഇടപാടുകാരുടെ സഹകരണവും എല്ലാം ഈ നേട്ടത്തിന്റെ പിന്നിലുണ്ട്. ബാങ്കിന്റെ ബിസിനസ് വർദ്ധിപ്പിക്കുവാനും നിഷ്ക്രിയ ആസ്തി കുറയ്ക്കുവാനും ഇനിയും ശ്രമങ്ങൾ എല്ലാവരുടെയും ഭാഗത്ത് നിന്ന് ഉണ്ടാകേണ്ടതാണ്. എല്ലാപേരുടെയും സഹായത്തിനും സഹകരണത്തിനും നന്ദി അറിയിക്കുന്നതിനൊപ്പം ബാങ്കിന്റെ ഐടി ഇന്റഗ്രേഷൻ പൂർത്തിയാക്കി സംസ്ഥാനത്തെ മികച്ച ബാങ്കുകളിൽ പ്രഥമ സ്ഥാനത്ത് കേരള ബാങ്കിനെ എത്തിക്കുക എന്നതാണ് ഭരണസമിതിയുടെ ലക്ഷ്യം.

**ഗോപി കോട്ടമുറിക്കൽ**
പ്രസിഡന്റ്

NABARD
Published with assistance from NABARD under Co-operative Development Fund

# കേരള ബാങ്കിന്റെ പ്രത്യേക സ്റ്റാമ്പ് മുഖ്യമന്ത്രി പ്രകാശനം ചെയ്തു






തപാൽ വകുപ്പ് സംസ്ഥാനത്തെ പ്രമുഖ ധനകാര്യ സ്ഥാപനമെന്ന നിലയിൽ കേരള ബാങ്കിന്റെ പ്രാധാന്യം കണക്കിലെടുത്ത് ബാങ്കിന്റെ ലോഗോ ആലേഖനം ചെയ്ത പ്രത്യേക തപാൽ സ്റ്റാമ്പ് ബഹു: മുഖ്യമന്ത്രി, ശ്രീ. പിണറായി വിജയൻ പ്രകാശനം ചെയ്തു.

ബഹു: സഹകരണ വകുപ്പ് മന്ത്രി, ശ്രീ .വി .എൻ. വാസവൻ, കേരള ബാങ്ക് പ്രസിഡന്റ്, ശ്രീ. ഗോപി കോട്ടമുറിക്കൽ, കേരള തപാൽ സർക്കിൾ ചീഫ് പോസ്റ്റ് മാസ്റ്റർ ജനറൽ, ശ്രീമതി. ഷൂലി ബർമൻ , കേരള ബാങ്ക് സിഇഒ, ശ്രീ.പി.എസ്.രാജൻ, സി.ജി.എം, ശ്രീ.കെ. സി.സഹദേവൻ, ജനറൽ മാനേജർ, ശ്രീ.ടി. കെ. റോയ് എന്നിവർ സന്നിഹിതരായിരുന്നു.

'Customised My Stamp' പദ്ധതി പ്രകാരമാണ് തപാൽ വകുപ്പ് കേരള ബാങ്കിന്റെ സ്റ്റാമ്പ് പുറത്തിറക്കിയത്

## 100 ദിന തൊഴിൽ ദാന പദ്ധതി

### കേരള ബാങ്ക് വഴി അനുവദിച്ചത് 842. 54 കോടി രൂപ

കോവിഡ് പ്രതിസന്ധിയിൽ സാധാരണക്കാരനും കർഷകർക്കും തൊഴിലും വരുമാനവും ഉറപ്പാക്കാനായി 2020 സെപ്റ്റംബറിൽ കേരള സർക്കാർ ആവിഷ്കരിച്ച നൂറുദിന തൊഴിൽദാന പദ്ധതിക്ക് 2021 സെപ്റ്റംബറിൽ ഒരു വർഷം പൂർത്തിയായപ്പോൾ 3 ഘട്ടങ്ങളിലായി 32088 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായി 842.54 കോടി രൂപയാണ് കേരള ബാങ്ക് വഴി അനുവദിച്ചത്. കേരള സർക്കാർ നിർദ്ദേശിച്ചതിനേക്കാൾ 12,942 തൊഴിൽ അവസരങ്ങളാണ് ഒരു വർഷം കൊണ്ട് കേരള ബാങ്ക് അധികമായി നൽകിയത്.

# ശാഖകളിൽ വ്യാജ നോട്ട് (Counterfeit notes) ലഭിച്ചാൽ എന്തു ചെയ്യണം



- മെഷീൻ ഉപയോഗിച്ച് പരിശോധിച്ച് ഉറപ്പു വരുത്തണം. (Ultra-violet lamps/detection machines)
- വ്യാജ നോട്ട് മുഖേന അടച്ച സംഖ്യ കസ്റ്റമറുടെ അക്കൗണ്ടിൽ വരവ് വെച്ച് നൽകാൻ പാടില്ല.
- ഒരു കാരണവശാലും വ്യാജ നോട്ട് തിരിച്ചു നൽകുകയോ നശിപ്പിക്കുകയോ ചെയ്യാൻ പാടില്ല.
- വ്യാജ നോട്ട് തിരിച്ചറിയുന്നതിലും പിടിച്ചെടുക്കുന്നതിലും വീഴ്ച വന്നാൽ ആയത് ബാങ്ക് വ്യാജ നോട്ട് വിതരണം ചെയ്യുന്നതിന് സഹായിച്ചതായി കണക്കാക്കി പിഴ ചുമത്തുന്നതായിരിക്കും.
- കണ്ടുകെട്ടിയ വ്യാജ നോട്ട് 5 സെ.മീ വീതിയും 5 സെ.മീ നീളത്തിലുള്ള RBI നിഷ്കർഷിച്ച പ്രകാരം വിവരങ്ങൾ ഉൾപ്പെടുത്തി (ബാങ്കിന്റെ പേര്, ശാഖയുടെ പേര്, തീയതി, ഒപ്പ് ) സീൽ പതിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തണം.
- വ്യാജ നോട്ട് നൽകിയ/അടച്ച ആൾക്ക് ക്യാഷ്യറും അടച്ച ഇടപാടുകാരനും ഒപ്പ് വെച്ച രശീത് നൽകണം. (RBI നിഷ്കർഷിച്ച മാതൃകയിൽ). അടച്ചയാൾ ഒപ്പ് വയ്ക്കാൻ തയ്യാറാകുന്നില്ല എങ്കിലും രശീത് നൽകണം. അതിനുശേഷം ഈ കാര്യം ബാങ്കിന്റെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കണം.
- ഒരു ഇടപാടിൽ 4 വരെ വ്യാജ നോട്ട് കണ്ടെത്തിയാൽ മാസാവസാനം ഇത്തരം കേസുകളുടെ ആകെ വിവരം അടകുന്ന ഒരു കൺസോളിഡേറ്റഡ് റിപ്പോർട്ടും വ്യാജ നോട്ടും ജില്ലയിലെ നോഡൽ പോലീസ് സ്റ്റേഷന് കൈമാറണം.
- ഒരിടപാടിൽ 5 ഉം അതിലധികവും കണ്ടെത്തിയാൽ ഉടൻ തന്നെ ലോക്കൽ പോലീസ് സ്റ്റേഷനിലോ/നോഡൽ പോലീസ് സ്റ്റേഷനിലോ FIR തയ്യാറാക്കി അന്വേഷിക്കുന്നതിനായി പിടിച്ചെടുത്ത നോട്ട് സഹിതം നിശ്ചിത മാതൃകയിൽ റിപ്പോർട്ട് നൽകണം.
- എല്ലാ മാസവും റിപ്പോർട്ട്/ FIR കോപ്പി ബാങ്കിന്റെ ഹെഡ്ഡാഫീസിൽ സമർപ്പിക്കണം.
- വ്യാജ നോട്ട് പോലീസ് കൈപ്പറ്റിയതിന്റെ രശീത് വാങ്ങി സൂക്ഷിക്കണം.
- വ്യാജ നോട്ട് പിടിച്ചത് സംബന്ധിച്ച് എല്ലാ മാസവും 7-ാം തീയതിക്ക് മുൻപായി RBI യ്ക്ക് റിപ്പോർട്ട് സമർപ്പിക്കണം. ഇല്ലെങ്കിൽ Nil റിപ്പോർട്ട് അയയ്ക്കണം.
- പോലീസ് പരിശോധനയ്ക്ക് ശേഷം തിരിച്ചു കിട്ടുന്ന വ്യാജ നോട്ടുകൾ 3 വർഷം വരെ ശാഖകളിൽ സൂക്ഷിക്കണം. 3 വർഷം കഴിഞ്ഞാൽ RBI യുടെ issue ഡിപ്പാർട്ട്മെന്റിലേക്ക് വിശദ വിവരങ്ങൾ സഹിതം അയച്ചു കൊടുക്കണം. എന്നാൽ കോടതികൾ വ്യവഹാരങ്ങൾ നിലനിൽക്കുന്ന കേസുകളിൽ 3 വർഷം കഴിഞ്ഞാലും വ്യവഹാരം അവസാനിക്കുന്നതുവരെ ശാഖകളിൽ തന്നെ സൂക്ഷിക്കേണ്ടതാണ്.

അവലംബം: RBI Master Circular No DCM (FUND) G-116.01.05/2021-22 dated April 1, 2021.

# ബിസിനസ്സ് വൈവിധ്യവത്കരണ പ്രവർത്തനങ്ങളുമായി BDPI Cell



BDPI സെല്ല് കേരള ബാങ്ക് തൃശ്ശൂർ റീജിയണൽ ഓഫീസിൽ സംഘടിപ്പിച്ച പ്രാഥമിക സംഘങ്ങളുടെ യോഗം.

കേരള ബാങ്കിന്റെയും പ്രാഥമിക സഹകരണ സംഘങ്ങളുടെയും പ്രോഡക്റ്റുകൾ വൈവിധ്യവത്ക്കരിക്കുന്നതിനും നൂതന പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും ലക്ഷ്യമാക്കി നബാർഡ് ധനസഹായത്തോടെ കേരള ബാങ്കിൽ Business Diversification and Product Innovation (BDPI) Cell പ്രവർത്തിക്കുന്നു.

BDPI സെല്ലിന്റെ നേതൃത്വത്തിൽ എറണാകുളം ജില്ലയിലെ വാരപ്പെട്ടി പ്രാഥമിക സഹകരണ സംഘം സന്ദർശിച്ചിരുന്നു. സംഘത്തിന് 3.33 കോടി രൂപയുടെ മൊത്തം സാമ്പത്തിക അടങ്കൽ തുകയും 3 കോടി രൂപയുടെ ടേം വായ്പയും PACS as MSC സ്കീം പ്രകാരം കേരള ബാങ്ക് അംഗീകാരം നൽകിയിരുന്നു. കുക്കിംഗ് ഗ്രേഡ് വെളിച്ചെണ്ണ ഉൽപ്പാദനത്തിനുള്ള സംയോജിത സംസ്കരണ കേന്ദ്രം, റെഡി-ടു-കുക്ക് / ഉണക്കിയ മരിച്ചീനി ചിപ്സ്, എയറേറ്റഡ് കുപ്പിവെള്ളം, തെങ്ങിൻ തൈക്കൾക്കായി നേഴ്സറി, കാർഷിക വിപണന കേന്ദ്രം - കം - ട്രാൻസ്പോർട്ടേഷൻ വാഹനങ്ങൾ മുതലായവയാണ് ഈ സ്കീം പ്രകാരം നടപ്പിലാക്കുന്നത്.

സംഘത്തിന്റെ ഉൽപ്പാദന കേന്ദ്രം സന്ദർശിച്ച BDPI സെൽ അംഗങ്ങൾ പ്രോസസിംഗ് പ്ലാന്റിൽ വരുത്തേണ്ട മാറ്റങ്ങൾ, എലികളും ഈച്ചകളും വരുന്നത് തടയാനുള്ള നടപടികൾ, കൊപ്ര ഡ്രൈയറുടെ ശേഷി വർദ്ധിപ്പിക്കൽ, എണ്ണ പായ്ക്കറ്റുകൾക്ക് ഡ്രോപ്പ് ടെസ്റ്റിംഗ് പ്രോസിജർ പരിചയപ്പെടുത്തൽ, പ്ലാൻറിലെ ജോലിക്കാരുടെ പൊതു ശുചിത്വ പരിപാലനം മെച്ചപ്പെടുത്തൽ എന്നിവയെ കുറിച്ച വിശദീകരിച്ചു. ഭക്ഷ്യ സംസ്കരണ പ്ലാന്റിലെ ഗുഡ് മാനുഫാച്ചറിംഗ് പ്രാക്ടീസ് (ജിഎംപി) കുറിച്ച് ലഘു പരിശീലന ക്ലാസ് നടത്തി.

അമേരിക്കൻ ചെറുകിട മാർക്കറ്റിൽ വാരപ്പെട്ടി സംഘത്തിന്റെ മരച്ചീനി കൊണ്ടുള്ള ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യാൻ കരാർ ലഭിച്ചിട്ടുണ്ട്. അവരുടെ വെളിച്ചെണ്ണയ്ക്കും എയറേറ്റഡ് കുടിവെള്ളത്തിനും പ്രാദേശിക മാർക്കറ്റിൽ നല്ല ബ്രാൻഡ് ഇമേജുണ്ട്. സംഘം ഇ - പ്ലാറ്റ്ഫോം വഴി അവരുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്തു തുടങ്ങി.

തൃശ്ശൂർ റീജിയണൽ ഓഫീസിൽ തിരഞ്ഞെടുത്ത 25 പ്രാഥമിക സഹകരണ സംഘങ്ങളുടെ ഒരു യോഗം BDPI സെൽ സംഘടിപ്പിച്ചു. ബാങ്ക് വൈസ് പ്രസിഡന്റ്, ശ്രീ.എം.കെ. കണ്ണൻ അധ്യക്ഷത വഹിച്ച യോഗത്തിൽ സെൽ റിസോർഴ്സ് പേഴ്സൺ, ശ്രീ.ഷാജി സക്കറിയ, ഡിഡിഎം, നബാർഡ്, ശ്രീ.സെബിൻ ആന്റണി, ജനറൽ മാനേജർ, ശ്രീ.ജിൽസ് മോൻ, ഡിജിഎം, ശ്രീ.രവിചന്ദ്രൻ, ഹെഡ് ഓഫീസ് സീനിയർ മാനേജർ, ശ്രീ.വി. രവീന്ദ്രൻ തുടങ്ങിയവർ സംസാരിച്ചു.

മണ്ണുത്തിയിലെ കേരള സർവ്വകലാശാലയുടെ എക്സ്ടെൻഷൻ ഡിപ്പാർട്ട്മെന്റും തവനൂരിലെ അഗ്രികൾച്ചർ എഞ്ചിനീയറിംഗ് കോളേജും സന്ദർശിച്ച് അംഗങ്ങൾ ചെറുകിട കാർഷിക യന്ത്രങ്ങളെ കുറിച്ച് പഠനം നടത്തി. 40-ഓളം ചെറുകിട കാർഷിക യന്ത്രങ്ങൾ കണ്ടതിൽ നിന്ന് 15 എണ്ണത്തിന്റെ ചുരുക്കപ്പട്ടിക തയ്യാറാക്കുകയും കാർഷിക സർവ്വകലാശാലയോട് ഈ 15 യന്ത്രങ്ങളെ കുറിച്ച് വിശദ വിവരങ്ങൾ തരുന്നതിനും ആവശ്യപ്പെട്ടിട്ടുണ്ട്.

കാസർഗോഡ്

## ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിച്ചു



പനത്തൂർ ശാഖാപരിധിയിൽ സംഘടിപ്പിച്ച കർഷക സംഗമം

കാസർഗോഡ് സിപിസിയുടെ നേതൃത്വത്തിൽ വായ്പാ ബാക്കി നിൽപ്പ് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മുൻഗണനാ വിഭാഗത്തിൽ നൽകുന്ന ബാങ്കിന്റെ വായ്പാ പദ്ധതികളെ കുറിച്ച് ശാഖകളുടെ പരിധിയിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിച്ചു.

കർഷകർ, ചെറുകിട കച്ചവടക്കാർ, സ്വയം സഹായ സംഘങ്ങൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ എന്നീ വിഭാഗങ്ങളെ കേന്ദ്രീകരിച്ചാണ് ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിച്ചത്. 20-25 പേരടങ്ങുന്ന ചെറിയ സംഘങ്ങളെ കർഷകരുടെ വീടുകളിലും, കുടുംബശ്രീ കൂട്ടായ്മയിലും, വായനശാലകളിലും, സ്കൂളുകളിലും വച്ച് ബാങ്കിംഗ് സമയത്തും ബാങ്കിംഗ് സമയം കഴിഞ്ഞും, ശനി, ഞായർ തുടങ്ങിയ അവധി ദിവസങ്ങളിലുമാണ് പൂർണ്ണമായും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ക്ലാസുകൾ സംഘടിപ്പിച്ചത്. സ്ഥലത്തെ വാർഡ് മെമ്പറെയും പഞ്ചായത്ത് പ്രസിഡന്റിനെയും ഉൾപ്പെടുത്തിയാണ് ക്ലാസ് നടത്തിയത്. കാസർഗോഡ് സിപിസി ഡിജിഎം, ശ്രീ.ശോഭനൻ ടി.എച്ച്, അഗ്രികൾച്ചറൽ ഓഫീസർ, ശ്രീ.എം.പ്രവീൺകുമാർ, മറ്റു ജീവനക്കാർ എന്നിവരുടെ സഹകരണം ക്ലാസുകൾ വിജയകരമാക്കുന്നതിന് സഹായകമായി.

KB കിസാൻ മിത്ര, KB സുവിധ, KB മിത്ര, KB മൈക്രോ ഫിനാൻസ് എന്നീ വായ്പകൾക്കൊപ്പം മറ്റു വായ്പാ പദ്ധതികളും നിക്ഷേപ പദ്ധതികളും ക്ലാസുകളിൽ വിശദീകരിച്ചു.

## സഹകരണ വാർത്തകൾ

- സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച "നെല്ല് സഹകരണ സംഘം" നിലവിൽ വന്നു. കോട്ടയം ആസ്ഥാനമായാണ് "ദ കേരള പാഡി പ്രൊക്യൂർമെന്റ്, പ്രോസസിംഗ് ആൻഡ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി" (കാപ്കോസ്) രജിസ്റ്റർ ചെയ്തത്. നെല്ല് സംഭരണവും സംസ്കരണവും വിതരണവുമാണ് പ്രധാന ലക്ഷ്യം.
- സഹകരണ സംഘങ്ങളുടെ ഓഡിറ്റിംഗിന് നേതൃത്വം നൽകാൻ ഇനി മുതൽ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറലിന്റെ സേവനം ലഭിക്കും.
- ബഹു: മുഖ്യമന്ത്രി, ശ്രീ. പിണറായി വിജയൻ 27 യുവജന സഹകരണ സംഘങ്ങളുടെ പ്രവർത്തന ഉദ്ഘാടനം ഓൺലൈനിൽ നിർവ്വഹിച്ചു.
- സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിനു കീഴിൽ അക്ഷരം മ്യൂസിയത്തിന്റെ നിർമ്മാണ ജോലി നവംബർ ഒന്നിന് ആരംഭിക്കും. രാജ്യത്തെ ആദ്യ ഭാഷ, സാഹിത്യ, സാംസ്കാരിക മ്യൂസിയമാകും കോട്ടയം നാട്ടകത്ത് സ്ഥാപിക്കുക. ദേശീയ സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ച, കേരളത്തിൽ സഹകരണ പ്രസ്ഥാനങ്ങളുടെ നാൾവഴികൾ എന്നിവയും മ്യൂസിയത്തിൽ പ്രദർശനത്തിനുണ്ടാകും.

# Transforming Villages. Ensuring Prosperity.



Climate Action

Rural Infrastructure

Watershed Development

Farmer Collectives

Women Empowerment

Tribal Development

Financial Inclusion

NABARD

Development Bank of the Nation

www.nabard.org /nabardonline



Printed & Published by Customer Aquisition and Marketing Division, Kerala State Co-operative Bank
Head Office, Cobank towers, Palayam, Vikas Bhavan.P.O, Thiruvananthapuram-695033. For Private Circulation Only. Ref.KB/Mktg/PR/2021.
Layout, Design & Printed at Orange Printers Pvt. Ltd., Thiruvananthapuram-695001. Ph: 0471 4010 905